**കേരള സർക്കാർ**

**സംഗ്രഹം**

നിയമ (നോഡൽ) വകുപ്പ് - നിയമ വകുപ്പിലെ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ പുനഃസംഘടനയും - ചുമതലകളും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിയമ (നോഡൽ) വകുപ്പ്**

**സ.ഉ.(സാധാ) നം.955/2020/നിയമം തിരുവനന്തപുരം, തീയതി, 16/11/2020.**

പരാമർശം:-1) വിവരസാങ്കേതിക വകുപ്പിന്റെ 23/07/2017 ലെ സ.ഉ.(കൈ.)നം.18/2017/ITD
2) വിവരസാങ്കേതിക വകുപ്പിന്റെ 01/08/2018 ലെ സ.ഉ.(കൈ.)നം.15/2018/ITD
3) നിയമ (ഭരണ-I) വകുപ്പിന്റെ 28/06/2018 ലെ സ.ഉ.(സാധാ.)നം.842/2018/നിയമം
4) നിയമ (ഭരണ-I) വകുപ്പിന്റെ 04/10/2019 ലെ സ.ഉ.(സാധാ.)നം.1344/2018/നിയമം
5) നിയമ (ഭരണ-I) വകുപ്പിന്റെ 16/03/2020 ലെ സ.ഉ.(സാധാ.)നം.338/2020/നിയമം.

**ഉത്തരവ്**

ഐ.റ്റി. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് ഡിവൈസുകൾ വാങ്ങുന്നത്, software ഉണ്ടാക്കുന്നത്, AMC തീരുമാനിക്കുന്നത് തുടങ്ങിയവയ്ക്കായും, പദ്ധതിയുടെ പ്രൊപ്പോസലുകൾ വിലയിരുത്തുന്നതിനും സൂക്ഷ്മ പരിശോധന നടത്തുന്നതിനുമായും KSITM/SeMT പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി എല്ലാ വകുപ്പുകളും ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിയ്ക്കേണ്ടതിന്റെ ആവശ്യകതയും, പ്രസ്തുത വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതലകളും, പാലിക്കേണ്ടതായ മാനദണ്ഡങ്ങളും, മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം 1 ഉം 2 ഉം സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നു.

നിലവിൽ നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ ഐ.റ്റി. സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി പരാമർശം 3 ഉം 4 ഉം ഉത്തരവുകൾ പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി നിയമവകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നോട്ടറി നിയമനവും, അനുബന്ധ ബന്ധപ്പെട്ട ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അതിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനും മറ്റുമായി പരാമർശം 5-സർക്കാർ ഉത്തരവ് പ്രകാരം മറ്റൊരു ടെക്നിക്കൽ കമ്മിറ്റിയും നിയമവകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് ടെക്നിക്കൽ കമ്മിറ്റികളുടെ ചുമതലകൾ സംയോജിപ്പിച്ച് കൊണ്ടും, വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുമായി ബന്ധപ്പെട്ട പരാമർശം 1 ഉം 2 ഉം സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ/ വിഷയങ്ങൾ

വിലയിരുത്തി തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കുമായി പരാമർശം 5-സർക്കാർ ഉത്തരവ് പ്രകാരം നിയമവകുപ്പിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയെ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി എന്ന് പുനർനാമകരണം ചെയ്തുകൊണ്ടും, ചുവടെ നിർദ്ദേശിക്കുന്ന മാതൃകയിൽ അംഗങ്ങളെ/പ്രതിനിധികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടും വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| 1. | സ്പെഷ്യൽ സെക്രട്ടറി | - നിയമവകുപ്പ് | - ചെയർമാൻ |
| 2. | അഡീഷണൽ ലാ സെക്രട്ടറി | - നിയമ (ഭരണ) വകുപ്പ് | - അംഗം |
| 3. | ജോയിന്റ് സെക്രട്ടറി | - നിയമ (നോഡൽ) വകുപ്പ് | - അംഗം |
| 4. | ഡെപ്യൂട്ടി സെക്രട്ടറി | - നിയമ (നോഡൽ) വകുപ്പ് | - അംഗം |
| 5. | KSITM/SeMT പ്രതിനിധി | - KSITM/SeMT | - അംഗം |
| 6. | ശ്രീ. ബിനു. പി.ആർ. | - ഡെപ്യൂട്ടി സെക്രട്ടറി (നിയമവകുപ്പ്) | - അംഗം |
| 7. | ശ്രീമതി. ലക്ഷ്മി പ്രതാപൻ | - അസിസ്റ്റന്റ് ലീഗൽ ഓഫീസർ (നിയമവകുപ്പ്) | - അംഗം |
| 8. | ശ്രീ. ഡിപിൻ റോയി | - ലീഗൽ അസിസ്റ്റന്റ് (നിയമവകുപ്പ്) | - അംഗം. |

നോട്ടറി നിയമനവുമായി ബന്ധപ്പെട്ട ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്ക് വിളിച്ച് ചേർക്കുന്ന യോഗങ്ങളിൽ നിയമ (എച്ച്) വകുപ്പിന്റെ പ്രതിനിധികളായ ആ വകുപ്പിന്റെ ചുമതലയുള്ള

(i) അഡീഷണൽ ലാ സെക്രട്ടറി

(ii) അണ്ടർ സെക്രട്ടറി ടെക്നിക്കൽ കമ്മിറ്റിയിൽ അംഗങ്ങൾ ആയിരിക്കുന്നതാണ്.

നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനുമായി ബന്ധപ്പെട്ട ഐ.റ്റി.പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി വിളിച്ചുചേർക്കുന്ന യോഗങ്ങളിൽ കമ്മീഷന്റെ പ്രതിനിധികളായി

(i) ചെയർപേഴ്സൺ

(ii) സെക്രട്ടറി എന്നിവരും ടെക്നിക്കൽ കമ്മിറ്റിയിൽ അംഗങ്ങൾ ആയിരിക്കുന്നതാണ്.

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ സെക്രട്ടറിയെ കമ്മീഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തുന്നു.

നിയമവകുപ്പിന്റെ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി വിളിച്ച് ചേർക്കുന്നതിനുള്ള ചുമതല നിയമ (നോഡൽ) വകുപ്പിൽ നിക്ഷിപ്തമാക്കുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ യോഗതീരുമാനം, ആവശ്യമായ ശിപാർശ സഹിതം നിയമ സെക്രട്ടറി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

നിയമവകുപ്പിലെ ഏതെങ്കിലും സെക്ഷന്റെ ആവശ്യത്തിലേയ്ക്കായി സോഫ്റ്റ് വെയർ പർച്ചേസ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുന്ന പക്ഷം, പ്രസ്തുത സെക്ഷന്റെ 2 ഉദ്യോഗസ്ഥരെ അതുമായി ബന്ധപ്പെട്ട് വിളിച്ചുചേർക്കുന്ന വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ യോഗങ്ങളിൽ പ്രതിനിധികളായി ഉൾപ്പെടുത്തേണ്ടതാണ്.

## വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതലകളും പാലിക്കേണ്ട മാനദണ്ഡങ്ങളും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും:

- ഹാർഡ് വെയർ പർച്ചേസും/ സോഫ്റ്റ് വെയർ ഡെവലപ്മെന്റും സംബന്ധിച്ച്:

1) അംഗീകാരം ലഭിച്ചതും Vendor Neutral Specification-നോട് കൂടിയതുമായ പൊതുവായി ഉപയോഗിച്ചുവരുന്ന ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാരിന്റെ e-procurement പ്ലാറ്റ്ഫോം മുഖേന വാങ്ങുന്നതിൽ വകുപ്പിന് ആവശ്യമായ സഹായം വകുപ്പ്തല ടെക്നിക്കൽ കമ്മിറ്റി നൽകേണ്ടതാണ്.

2) പൊതുവായി ഉപയോഗിക്കുന്ന ഹാർഡ് വെയർ ഉപകരണങ്ങൾ അല്ലാത്തതായ Server Class Machines, SAN, Networking equipments മുതലായവ വാങ്ങുവാൻ വകുപ്പ് താൽപര്യപ്പെടുന്ന പക്ഷം. ആയത് വാങ്ങുന്നതിന്റെ ആവശ്യകതയും, ആവശ്യമായ ഇനവിവരങ്ങളും, വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരമുള്ള കേസ്സുകളിൽ മൊത്തം ചെലവ് 20 ലക്ഷത്തിനു മുകളിൽ വരുന്ന പക്ഷം ബന്ധപ്പെട്ട ഫയൽ IT വകുപ്പിന്റെ അഭിപ്രായത്തിനും അംഗീകാരത്തിനുമായി കൈമാറേണ്ടതാണ്.

3) 22/02/2000 ലെ G.O.(Ms.)No.3/2000/ITD യിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളുടെ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സിൽ (TSP) നിന്നും ലഭിക്കുന്ന വകുപ്പുതല പ്രപ്പോസലുകളിലെ User Requirement Specification (URS), സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ പൂർണ്ണതയിൽ എത്തിക്കുന്നതിന് ഒരാൾക്ക് എത്ര ദിവസം/ എത്ര മാസം ആവശ്യമാണെന്ന വിവരം, ഓരോ ആൾക്കും നൽകേണ്ടതായി വരുന്ന ദിവസ വേതനം/ മാസവേതനം മുതലായവ KSTIM/ SeMT പ്രതിനിധികളോടൊപ്പം വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയും പരിശോധിക്കേണ്ടതും, വ്യക്തമായ ശിപാർശ സമർപ്പിക്കേണ്ടതുമാണ്. I.T. വകുപ്പിലേയ്ക്ക് ഫയൽ അയയ്ക്കുന്ന സംഗതികളിൽ, വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശ നിർബ്ബന്ധമായും ഉണ്ടായിരിയ്ക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച പ്രോജക്ടുകളിൽ ഏതെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ ഐ.റ്റി. വകുപ്പിന്റെ അംഗീകാരം വീണ്ടും ആവശ്യമുള്ള പക്ഷം അക്കാര്യം ടെക്നിക്കൽ കമ്മിറ്റി ചൂണ്ടിക്കാണിക്കേണ്ടതും ശിപാർശ ചെയ്യേണ്ടതുമാണ്. അപ്രകാരം ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്യാത്തപക്ഷം, ഒരിക്കൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ വീണ്ടും അംഗീകാരത്തിനായി ഐ.റ്റി. വകുപ്പിലേക്ക് അയക്കേണ്ടതില്ല.

4) Centralized Procurement Portal (http://cprcs.kerala.gov.in)ൽ വില വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, പൊതുവായി ഉപയോഗിച്ചുവരുന്നതുമായ ഹാർഡ് വെയറുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രോജക്റ്റുകളുടെ തുക 20 ലക്ഷത്തിനു മുകളിൽ ആയിരുന്നാൽ കൂടി, ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ഉള്ള പക്ഷം, ബന്ധപ്പെട്ട ഫയൽ ഐ.റ്റി. വകുപ്പിന്റെ അംഗീകാരത്തിനായി കൈമാറേണ്ടതില്ല.

5) വകുപ്പിൽ നടപ്പിലാക്കി വരുന്ന എല്ലാ I.T. പ്രോജക്റ്റുകളുടെയും പ്രൊപ്പോസലുകളും departmental/special working group ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനു മുന്നോടിയായി വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി സൂക്ഷ്മപരിശോധന നടത്തി ശിപാർശ സഹിതം സമർപ്പിയ്ക്കേണ്ടതാണ്.

6) ഒരു പ്രോജക്റ്റിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത പ്രോജക്റ്റിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട സമയപരിധി നിശ്ചയിക്കേണ്ടതും, അതോടൊപ്പം പ്രോജക്റ്റിന്റെ പുരോഗതി ഓരോ ഘട്ടത്തിലും പരിശോധിച്ച് പ്രസ്തുത പ്രോജക്റ്റ് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

- ഹാർഡ് വെയർ ഉപകരണങ്ങൾ/ സോഫ്റ്റ് വെയർ എന്നിവയുടെ AMC സംബന്ധിച്ച്:

1) ഹാർഡ് വെയറുകളുടെ AMC നിർണ്ണയിക്കുന്ന അവസരത്തിൽ 24/12/2005 ലെ G.O.(P)No.26/2005/ITD യിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിനനുസൃതമായിട്ടാണ് AMC തുക എങ്കിൽ ബന്ധപ്പെട്ട ഫയൽ ഐ.റ്റി. വകുപ്പിന്റെ അംഗീകാരത്തിനായി കൈമാറേണ്ട ആവശ്യകതയില്ല. എന്നാൽ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തും, AMC തുക മേൽ സൂചിപ്പിച്ച ഉത്തരവിൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും അധികരിച്ചിട്ടുണ്ടെങ്കിലും IT വകുപ്പിന്റെ അഭിപ്രായത്തിനായും അംഗീകാരത്തിനായും ഫയൽ കൈമാറുവാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയ്ക്ക് നിർദ്ദേശിയ്ക്കാവുന്നതാണ്.

2) 20 ലക്ഷത്തിനു മുകളിൽ AMC തുക അനുവദിക്കേണ്ട സോഫ്റ്റ്‌വെയറുകളുമായി ബന്ധപ്പെട്ട ഫയൽ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ സഹിതം, ഐ.റ്റി. വകുപ്പിന്റെ അനുമതിയ്ക്കായി ആ വകുപ്പിനു കൈമാറേണ്ടതാണ്. [AMC തുക 20 ലക്ഷത്തിനു താഴെയുള്ള പക്ഷം KSITM/ SeMT എന്നിവയുടെ പ്രതിനിധി ഉൾപ്പെട്ട വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണവകുപ്പിന് ആയതിൽ ഉത്തരവ് പുറപ്പെടുവിയ്ക്കാവുന്നതാണ്.]

മേൽ പരാമർശിച്ച വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 16/03/2020 ലെ സ.ഉ.(സാധാ) നം.338/2020/നിയമം സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടും,

28/06/2018 ലെ സ.ഉ.(സാധാ) നം.842/2018/നിയമം നമ്പർ ഉത്തരവും 04/10/2019 ലെ സ.ഉ.(സാധാ)നം. 1344/2018/നിയമം നമ്പർ ഉത്തരവും റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**അരവിന്ദ ബാബു. പി.കെ.,**
**നിയമ സെക്രട്ടറി.**

1) നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി
2) നിയമ (ഭരണ) വകുപ്പ് അഡീഷണൽ സെക്രട്ടറി
3) നിയമ (എച്ച്) വകുപ്പ് അഡീഷണൽ സെക്രട്ടറി
4) ചെയർപേഴ്സൺ, കേരള സംസ്ഥാന ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
5) സെക്രട്ടറി, കേരള സംസ്ഥാന ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
6) നിയമ (നോഡൽ) വകുപ്പ് ജോയിന്റ് സെക്രട്ടറി
7) നിയമ (നോഡൽ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി
8) നിയമ (എച്ച്) വകുപ്പ് അണ്ടർ സെക്രട്ടറി
9) ഡയറക്ടർ, KSITM
10) ScMT, കേരളം
11) ശ്രീ. ബിനു പി.ആർ., ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്
12) ശ്രീമതി. ലക്ഷ്മി പ്രതാപൻ, അസിസ്റ്റന്റ് ലീഗൽ ഓഫീസർ, നിയമവകുപ്പ്
13) ശ്രീ. ഡിപിൻ റോയി, ലീഗൽ അസിസ്റ്റന്റ്, നിയമവകുപ്പ്
14) നിയമവകുപ്പ് സെക്രട്ടറിയുടെ പി.എ.
15) വെബ് ആന്റ് ന്യൂ മീഡിയ വിഷൻ/ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
16) നിയമ (ഭരണ-I) വകുപ്പ്
17) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.